കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.9)2051/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ: 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 07.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ .ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ടി.എസ്.ആർ(പി9)2051/2016 തിയ്യതി: 07.12.2016

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-2015 മുതൽ 14-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 3/2016-ലെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2016 മുതൽ 22.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എൻ.സതീശൻ, | ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ. |

| | | |
|---|---|---|
| | ശ്രീ സദാനന്ദൻ.പി.ജി. | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി വിദ്യാ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ എ.സി.സുഭാഷ്, | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സ്മിതാ ഷാജി | 01.04.2015മുതൽ 31.10.2015വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി | 01.11.2015മുതൽ 18.11.2015വരെ |
| | ശ്രീ സി.കെ.സദാനന്ദൻ മാസ്റ്റർ | 19.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ എ.ജെ.ബൈജു (ഇൻ ചാർജ്) | 01.04.2015മുതൽ 24.07.2015വരെ |
| | ശ്രീ ഹരികുമാർ.എൻ. | 25.07.2015മുതൽ 20.01.2016വരെ |
| | ശ്രീ എ.ജെ.ബൈജു (ഇൻ ചാർജ്) | 21.01.2016മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | രമ്യ ചന്ദ്രൻ.ആർ. | 01.04.2015മുതൽ 30.11.2015വരെ |
| | ജയശ്രീ | 01.12.2015മുതൽ 14.12.2015വരെ |
| | ലിറ്റി വർഗ്ഗീസ് | 15.12.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ജ്യോതിരാജ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.ആഷിക്ക്.എൻ.എ. | 01.04.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.സുമി ചന്ദ്രൻ | 01.04.2015മുതൽ 21.05.2015വരെ |
| | ഡോ.ജ്യോതി ശ്രീധരൻ | 22.05.2015മുതൽ 31.03.2016വരെ |
| പ്രധാന അധ്യാപകൻ | ശ്രീമതി സുജാത.പി.ആർ. | 01.04.2015മുതൽ 05.06.2015വരെ |
| | ശ്രീ മുഹമ്മദ് അമീൻ | 06.06.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ.(കാട്ടകാമ്പാൽ സർക്കിൾ) | ശ്രീ ബൈജു വിൻസന്റ് സി. | 01.04.2015മുതൽ 21.07.2015വരെ |
| | ശ്രീമതി ചിത്ര.സി.കെ. | 21.07.2015മുതൽ 19.08.2015വരെ |
| | ശ്രീ രഘുനാഥൻ.എ.വി. | 19.08.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ.(പഴഞ്ഞി സർക്കിൾ) | ശ്രീമതി ചിത്ര.സി.കെ | 01.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എ.ജെ.ബൈജു | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ.സി. | 01.04.2015മുതൽ 30.09.2015 വരെ |
| | ശ്രീമതി സലോമി | 01.10.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം-I | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ | 1-3 |

| | | |
|---|---|---|
| | പത്രികയിലെ അപാകത | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-II | | |
| 11 | ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-1 |
| ഭാഗം-III | | |
| 12 | സാന്ത്വനം - മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ചെലവ് | 3-1 |
| 13 | പെയിൻ &പാലിയേറ്റീവ് പദ്ധതി | 3-2 |
| 14 | പെയിൻ &പാലിയേറ്റീവ് പദ്ധതി (സ്പിൽ ഓവർ) | 3-3 |
| 15 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 3-4 |
| 16 | വഴി വിളക്ക് വാങ്ങലും റിപ്പയറിങ്ങും | 3-5 |
| 17 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - | 3-6 |

| | | |
|---|---|---|
| | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | |
| 18 | അംഗൻവാടിക്ക് വയറിങ്ങും ശീതീകരണ പ്രവർത്തനവും - ഉത്തരവ് ഹാജരാക്കിയില്ല | 3-7 |
| 19 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-8 |
| 20 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 3-9 |
| 21 | സർവ്വശിക്ഷാ അഭിയാൻ | 3-10 |
| 22 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി | 3-11 |
| 23 | ഇ-ടെണ്ടർ വഴി നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 3-12 |
| 24 | അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചില്ല | 3-13 |
| ഭാഗം-IV | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | അനുബന്ധം-1 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21/03/2015 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം (1)പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/16 | 29/7/16 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകത

നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതാ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ്

എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23564432 |
| വരവ് | 28521533 |
| ആകെ | 52085965 |
| ചെലവ് | 43553703 |
| നീക്കിയിരിപ്പ് | 8532262 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3550722 | 7951246 | 11501968 | 8256871 | (+)3245097 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4330239 | 3759389 | 8089628 | 4756717 | (-)3332911 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9000 | 9000 | 9000 | -- | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 296397 | 5241185 (3982486+ *1258699) | 5537582 | 5537582 | -- | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2111434 | 582076 | 2693510 | 2693510 | -- | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1517534 | 4031758 | 5549292 | 3194979 | (-)2354313 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3002773 | 1808280 | 4811053 | 2547031 | (-)2264022 | 0 |

*1258699/- നോൺ റോഡിൽ നിന്നും റോഡിലേക്ക് മാറ്റി

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 63717990 | 78 | 36779910 | 14 | 33 | 62 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.7ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4416088 | 2801170 | (-)1614918 | (-)36.57 |
| നികുതിയേതര വരവുകൾ | 646370 | 1279619 | 633249 | 98 |
| മറ്റുവരവുകൾ | 121459 | 291010 | 169551 | 139.6 |
| ആകെ | 5183917 | 4371799 | (-)812118 | (-)15.7 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75600 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 2471910 | 316 |
| വിധവാപെൻഷൻ | 13329480 | 1334 |
| വാർദ്ധക്യകാലപെൻഷൻ | 9209850 | 1242 |
| വികലാംഗപെൻഷൻ | 2778290 | 272 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

| | | |
|---|---|---|
| 50വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1288280 | 139 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2016 ന് 4.00 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5509 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/11/2016മുതൽ 09/11/2016 വരെ | 10/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/09/2016മുതൽ 4/10/2016 വരെ | 2011-2012 മുതൽ 2015-16 വരെ | “ |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ബി.എസ്.എൻ.എൽ. പഴഞ്ഞി എന്ന സ്ഥാപനം 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 സെക്ഷൻ 204(1)(i) പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാന്ത്വനം - മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ചെലവ് അംഗീകരിക്കുന്നില്ല

സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 65/16 പ്രകാരം നടപ്പാക്കിയ *സാന്ത്വനം* എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 100000 രൂപ വകയിരുത്തുകയും താഴെ പറയും പ്രകാരം മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 4/22-12-2015 | 24405 |
| 7/30-3-2016 | 69300 |
| 8/30-3-2016 | 6295 |
| ആകെ | 100000 |

സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 24405 രൂപയുടെ ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ് എന്നിവ വാങ്ങുന്നതിനും ബാക്കി തുക ഹോണറേറിയം, പെട്രോൾ ചാർജ് എന്നീയിനത്തിലുമാണ് ചെലവഴിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ വീടുകളിൽ ചെന്ന് അവരുടെ ഷുഗർ ടെസ്റ്റ് ചെയ്തതിന് ഒരു മാസം 6000 രൂപ ഓണറേറിയം ഇനത്തിലും 300 രൂപ സ്കൂട്ടറിന് പെട്രോൾ ചാർജ്ജ് ഇനത്തിലും സിന്ധു, സുരജ എന്നീ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. ടി ജീവനക്കാരെ നിയമിച്ചതിന് ആധാരമായ സർക്കാർ ഉത്തരവ്, ഇവരുടെ യോഗ്യത തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2. ഏതൊക്കെ ദിവസം ഏതൊക്കെ ആളുകളുടെ വീടുകളിൽ പോയിട്ടുണ്ട് എന്നോ, ആരുടെയൊക്കെ ഷുഗർ ലെവൽ പരിശോധിച്ചിട്ടുണ്ട് എന്നോ ഷുഗർ ലെവൽ എവിടെയെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. ഷുഗർ ലെവൽ കൂടുതലുള്ളവർക്ക് എന്തെങ്കിലും ചികിത്സ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

3. ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ് എന്നിവ വാങ്ങുന്നതിന് മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

4. ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പെയിൻ & പാലിയേറ്റീവ് കെയർ, ആശുപത്രികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതി പണം ചെലവഴിച്ച് ആരോഗ്യ മേഖലയിൽ നടത്താവുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ അനുമതി വാങ്ങിയതായി കാണുന്നില്ല.

മേൽപറഞ്ഞ മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തി/വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപറഞ്ഞ ചെലവ് ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/19.11.2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ ഈ പ്രോജക്ട് പ്രകാരം ചെലവഴിച്ച 100000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# 3-2 പെയിൻ & പാലിയേറ്റീവ് പദ്ധതി - അപാകതകൾ

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 9/16 പ്രകാരം നടപ്പാക്കിയ *പെയിൻ & പാലിയേറ്റീവ് കെയർ* എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 200000 രൂപയും വികസന ഫണ്ടിൽ നിന്നും 55435 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 100000 രൂപയും വകയിരുത്തുകയും താഴെ പറയും പ്രകാരം 254400 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 1/26.8.2015 | 62800 |
| 3/13.1.16 | 73400 |
| 8/30.3.16 | 63800 |
| 9/30.3.2016 | 54400 |
| ആകെ | 254400 |

പദ്ധതിയുടെ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(ആർ.ടി)3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 പ്രകാരം പുതുക്കിയ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 2.5.6 പ്രകാരം മേൽപറഞ്ഞ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ

കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിന് ശേഷം തുക ചെലവഴിക്കാൻ പാടില്ല. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ മേൽപ്രകാരമുള്ള രോഗികളുടെ പേര് വിവരം പ്രസിദ്ധീകരിച്ചിട്ടില്ല.

2. മേൽപറഞ്ഞ മാർഗ്ഗരേഖ ഖണ്ഡിക 2.6.3.(3) പ്രകാരം ഉത്തരവ് തീയതി മുതൽ ഹോം വിസിറ്റ് ടീമിന്റെ ഭക്ഷണ ചെലവ് ഒരു ദിവസത്തേക്ക് പരമാവധി 180 രൂപ മാത്രമേ നൽകാവൂ. എന്നാൽ ഒരു ദിവസത്തേക്ക് 300 രൂപ നിരക്കിലാണ് ഭക്ഷണ ചെലവ് അനുവദിച്ചിട്ടുള്ളത്.

3. താഴെ പറയുന്ന തീയതികളിൽ ഹോം വിസിറ്റ് ടീമിനെ കൊണ്ടു പോകുന്നതിന് സി.എച്ച്.സി.യുടെ സ്വന്തം വാഹനമാണ് ഉപയോഗിച്ചിട്ടുള്ളത്.(KL01 W 1682)

| തീയതി | ഡീസലിന് അനുവദിച്ച തുക |
|---|---|
| 6-4-2015 | 1000 |
| 21-4-2015 | 1000 |
| 4-5-2015 | 1000 |
| 11-5-2015 | 1000 |
| 18-5-2015 | 1000 |
| 25-5-2015 | 1000 |
| 1-6-2015 | 1000 |
| 15-6-2015 | 1000 |
| 22-6-2015 | 1000 |
| 29-6-2015 | 1000 |

ടി വാഹനത്തിന്റെ ലോഗ് ബുക്ക്, ഇതേ ബിൽ പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

4. ട്രഷറി ബിൽ നമ്പർ 9/30-3-2016 പ്രകാരം 3000 രൂപ ഭക്ഷണ ചെലവ് ഇനത്തിൽ ചെലവായിട്ടുണ്ട്. എന്നാൽ ഇതിന്റെ വൗച്ചറുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം

6/19.11.2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ 29.10.2015-ന് ശേഷം ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവിനത്തിൽ താഴെ പറയും പ്രകാരം കൂടുതൽ ചെലവഴിച്ച 6960 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

| മാസം | ആകെ ദിവസം | നൽകിയ തുക (@300/day) | നൽകാവുന്ന തുക (@180/day) | അധികം നൽകിയത് (@120/day) |
|---|---|---|---|---|
| 11/2015 | 14 | 4200 | 2520 | 1680 |
| 12/2015 | 12 | 3600 | 2160 | 1440 |
| 01/2016 | 12 | 3600 | 2160 | 1440 |
| 02/2016 | 20 | 6000 | 3600 | 2400 |
| | | | | 6960 |

നോമിനൽ രജിസ്റ്ററിലെ വിവരങ്ങൾ പഞ്ചായത്ത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെ മേൽപറഞ്ഞ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിഞ്ഞുള്ള ആകെ ചെലവ് തുക 191600 രൂപയിൽ നിരാകരിച്ച തുക കഴിച്ച് 184640 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പെയിൻ & പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ) - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 66/16 പ്രകാരം നടപ്പാക്കിയ *പെയിൻ & പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ)* എന്ന പ്രോജക്ടിനായി ട്രഷറി ബിൽ നമ്പർ 2/14.10.2015 പ്രകാരം 42250 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റ് അന്വേഷണം നമ്പർ 6/19.11.2016 പ്രകാരം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്ത പക്ഷം ഇത്തരത്തിലുള്ള ചെലവുകൾ നടന്നിട്ടില്ല എന്ന് കണക്കാക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചേർക്കുന്നതുമായിരിക്കും.

## 3-4 ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 3/16 പ്രകാരം നടപ്പാക്കിയ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും 400000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 1/3.9.2015 പ്രകാരം മുഴുവൻ തുകയും ഔഷധിയിൽ നിന്നും ആയുർവ്വേദ മരുന്ന് വാങ്ങുന്നതിന്

ചെലവഴിക്കുകയും ചെയ്തു. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 7.4 പ്രകാരം മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനു മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരം എൻ.എ.സി. വാങ്ങാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.

2. 400000 രൂപയ്ക്കുള്ള മരുന്നുകളുടെ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഔഷധിയുടെ ഒറിജിനൽ ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. ഓരോ വർഷവും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ മരുന്നുകൾ ഒരു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തുടർന്ന് വലിയ അളവുകളിൽ ഇഷ്യൂ ചെയ്തതായി കാണിക്കുകയുമാണ് ചെയ്തു വരുന്നത്. സബ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡിപ്പാർട്ട്മെന്റ് വഴി ലഭിക്കുന്ന മരുന്നുകളും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന മരുന്നുകളും ഡിസ്പെൻസറിയിൽ വരുന്ന രോഗികൾക്ക് നൽകുവാനാണ് ഉപയോഗിക്കുന്നത്. ആയതിനാൽ വർഷം പരിഗണിക്കാതെ മരുന്നുകൾക്ക് പൊതുവായി ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്ററും ഒരു സബ് സ്റ്റോക്ക് രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷത്തേക്കും പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. സ്റ്റോക്ക് രജിസ്റ്ററുകൾ ക്രമപ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വഴി വിളക്ക് വാങ്ങലും റിപ്പയറിങ്ങും - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 97/16 പ്രകാരം നടപ്പാക്കിയ *തെരുവ് വിളക്ക് വാങ്ങലും റിപ്പയറിങ്ങും* എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 130000 രൂപയും ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 542025 രൂപയും വകയിരുത്തുകയും ക്രൂസിൽ നിന്നും വഴി വിളക്ക് സാമഗ്രികൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം 670551 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 48/28.3.2016 | 129081 |
| 14/20.10.2015 | 300268 |
| 4/3.9.2015 | 241202 |
| ആകെ | 670551 |

വഴി വിളക്ക് റിപ്പയർ ചെയ്യുന്നതിനായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച രണ്ട്

തൊഴിലാളികൾക്ക് കൂലി ഇനത്തിൽ തനത് ഫണ്ടിൽ നിന്നും 17400 രൂപയും ചെലവഴിച്ചിട്ടുണ്ട്. അടാട്ട് മാതൃകയിൽ നടപ്പാക്കിയ ടി പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും 17400 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ അടങ്കലിൽ തനത് ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015-ലെ ജി2/44274/2015 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അടാട്ട് മോഡൽ വഴി വിളക്ക് പരിപാലനം സംബന്ധിച്ച പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ടി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. വഴി വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. വഴി വിളക്ക് സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.
2. വഴി വിളക്ക് മെയിന്റനൻസിനായി നിയമിക്കുന്ന ഇലക്ട്രീഷ്യന്റെ യോഗ്യത ഉറപ്പു വരുത്തുകയും അവർ മതിയായ ഇൻഷുറൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം.

3. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15-നും 25-നും ഇടയ്ക്ക് വഴി വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതും പ്രവർത്തന രഹിതമായ വഴി വിളക്കുകൾ റിപ്പയർ ചെയ്യുന്നുണ്ട് എന്നുള്ളതും ഉറപ്പു വരുത്തേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വഴി വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം വഴി വിളക്കുകൾ റിസർവ്വായി കരുതാവുന്നതുമാണ്.

5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് യഥാസമയം വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃത്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തേണ്ടതും മോണിറ്ററിങ്ങ് കമ്മിറ്റി യോഗത്തിൽ മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

6. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസൈൽ ചെയ്യുന്നുവെന്നും വഴി വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/ത.സ്വ.ഭ.വ. തീയതി 15.7.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്.

7. ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽപറഞ്ഞ യാതൊരു നിർദ്ദേശങ്ങളും പാലിക്കാതെയാണ് വഴി വിളക്ക് മെയിന്റനൻസ് നടപ്പാക്കിയിട്ടുള്ളത്. തൊഴിലാളികളുടെ സാങ്കേതിക യോഗ്യത, ഇൻഷ്വറൻസ്, വൈദ്യുതി ബോർഡിന്റെ അനുമതി എന്നിവ ഉറപ്പുവരുത്താതെ ജോലിക്കിടയിൽ തൊഴിലാളികളുടെ ജീവന് ആപത്ത് വരുന്ന പക്ഷം പഞ്ചായത്ത് അധികൃതർ ഉത്തരവാദികളാകുന്നതാണ്. വഴി വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ വാർഡ് മെമ്പർമാരാണ് ഉപകരണങ്ങൾ കൈപ്പറ്റി വരുന്നതായി കാണുന്നത്. വഴി വിളക്ക് റിപ്പയർ ചെയ്യുന്ന തൊഴിലാളികൾക്ക് മേൽപറഞ്ഞ ഉത്തരവിലെ നിർദ്ദേശാനുസരണം വഴി വിളക്ക് സാമഗ്രികൾ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ കൈമാറേണ്ടതാണ്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം വഴി വിളക്ക് റിപ്പയർ ചെയ്യുന്ന പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്.

## 3-6 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 70/16 | ആനക്കുണ്ട് നമ്പര കോൾപടവ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 38/18.3.2016 | 426830 | കെ.എസ്.ഇ.ബി.യുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം |
| 49/16 | വെളിയത്ത് റോഡ് കുടിവെള്ള പദ്ധതി | 39/18.3.2016 | 360000 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം |
| 60/16 | മീഡിയാശ്രീ പദ്ധതിക്ക് സംഭാവന നൽകൽ | 1/3.9.2015 | 65000 | ഡോക്യുമെന്ററി നിർമ്മാണത്തിനായി സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തിന് കുടുംബശ്രീ വഴി നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, ടി |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനവുമായി ഏർപ്പെട്ട കരാർ, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നി വ |
| 4/16 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് | 2/3.9.2015 | 50000 | പ്രോജക്റ്റ് നടപ്പാക്കുന്നതിന് ആധാരമായ സർക്കാർ ഉത്തരവ്, ജി.വി.എച്ച്.എസ്.സ്കൂളിലെ കുട്ടികളുടെ ഭക്ഷണ ചെലവായി സുരേന്ദ്ര ഹോട്ടൽ, പഴഞ്ഞി എന്ന സ്ഥാപനത്തിന് നൽകിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന കുട്ടികളുടെ പേര് വിവരം, ഇവർക്ക് ട്രെയിനിങ്ങ് നൽകിയതിന്റെ വിവരം, ഓരോ ട്രെയിനിങ്ങിലും പങ്കെടുത്ത കുട്ടികളുടെ വിവരം, ഓരോ ട്രെയിനിങ്ങ് ദിവസവും കുട്ടികൾക്ക് കൊടുത്ത ഭക്ഷണത്തിന്റെ ഇനം, തരം, എണ്ണം, നിരക്ക് എന്നിവ. |
| 47/16 | കിഴക്കുമുറി കരിമ്പന എസ്.സി.കോളനി കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) | 42/18.3.2016 | 290800 | ഭൂജല വകുപ്പിന് അടവാക്കിയ തുക. ടി പദ്ധതി പിന്നീട് ഉപേക്ഷിച്ചതിനാൽ തുക തിരികെ ഈടാക്കേണ്ടതായിരുന്നു. എന്നാൽ തിരികെ ഈടാക്കിയിട്ടില്ല. |
| | ആകെ | | 1192630 | |

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 അംഗൻവാടികൾക്ക് വയറിങ്ങും ശീതീകരണ പ്രവർത്തനങ്ങളും - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 140/16 പ്രകാരം നടപ്പാക്കിയ *അംഗൻവാടികൾക്ക് വയറിങ്ങും ശീതീകരണ* പ്രവർത്തനങ്ങളും എന്ന പ്രോജക്ടിനായി റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും ട്രഷറി ബിൽ നമ്പർ 6/3.9.2015 പ്രകാരം 34500 രൂപ ചെലവഴിച്ചിട്ടുണ്ട്. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലുള്ള രാമപുരം എന്ന സ്ഥലത്തുള്ള 35-ാം നമ്പർ അംഗൻവാടിയിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനാണ് തുക ചെലവഴിച്ചത്. അംഗൻവാടികളിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പെങ്ങാമുക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 28/16 | പത്താം തരം തുല്യതാ പരീക്ഷ | 7/28.3.2016 | 12000 | സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കൈപ്പറ്റ് രസീത് |
| 67/16 | എസ്. സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 5/30.3.2016 | 193978 | ഇതേ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം , |

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം എന്നിവ.<br>1. സിജിൻ സത്യാനന്ദൻ<br>2. നിഖില ചന്ദ്രൻ<br>3. സ്നേഹ ചന്ദ്രൻ |
| 69/16 | എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം | 2/18.1.2016 | 200000 | ഇതേ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം എന്നിവ.<br>1.അശ്വിൻഅരുൺ<br>2. അമിത്അനീഷ്<br>3. ജിതിൻ. പി.എസ്. |
| | | 6/28.3.2016 | 39200 | |
| | ആകെ | | 797978 | |

മുകളിൽ പറഞ്ഞ പ്രകാരമുള്ള രേഖകളും വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 59/16 പ്രകാരം നടപ്പാക്കിയ *പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ* എന്ന പ്രോജക്ടിനായി ലോകബാങ്ക് വിഹിതത്തിൽ നിന്നും 252000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 20/4.1.2016 പ്രകാരം 251350 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, 3 സ്കാനർ, 3 പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (സാധാ)നം.1838/2012/തസ്വഭവ. തീയതി 03.07.2012 ഖണ്ഡിക 7 പ്രകാരം പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാവുന്നതല്ല. പകരം ഡി.ജി.എസ്.&ഡി റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ ഡി.ജി.എസ്.&ഡി റേറ്റ് കോൺട്രാക്ട് നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ്.

2. ടി ഉത്തരവിലെ ഖണ്ഡിക 9 പ്രകാരം കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എണ്ണം നിശ്ചയിക്കുമ്പോൾ നിലവിലുള്ള പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എണ്ണവും ആവശ്യകതയും കൂടി കണക്കിലെടുക്കേണ്ടതാണ്. അറ്റകുറ്റപ്പണി ചെയ്തും അപ്ഗ്രേഡ് ചെയ്തും പ്രവർത്തനക്ഷമമാക്കാവുന്നവ അപ്രകാരം ചെയ്യേണ്ടതാണ്. എന്നാൽ അറ്റകുറ്റപ്പണി അസാധ്യമായവ, 7 വർഷത്തിലധികം പഴക്കമുള്ളവ എന്നിവ ബൈബാക്ക് വ്യവസ്ഥയിൽ തിരികെ നൽകി പുതിയ ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. അറ്റകുറ്റപ്പണി, അപ്ഗ്രേഡേഷൻ, ബൈബാക്ക് തുടങ്ങിയ കാര്യങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശ പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

3. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തനക്ഷമമായ 19 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമല്ലാത്ത 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഉണ്ട് എന്ന് ഇത് സംബന്ധിച്ച ചോദ്യത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനോ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ ബൈബാക്ക് വ്യവസ്ഥയിൽ തിരികെ നൽകുന്നതിനോ യാതൊരു ശ്രമവും പഞ്ചായത്ത് നടത്താതെയാണ് പുതിയതായി 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത്.

4. മേൽപറഞ്ഞ ഉത്തരവിലെ അനുബന്ധം പ്രകാരം ഐ.കെ.എം. സ്പെസിഫിക്കേഷനിലുള്ള ക്ലയന്റ് കമ്പ്യൂട്ടറിന് 5 വർഷത്തെ വാറണ്ടി ഉണ്ടായിരിക്കേണ്ടതാണ്. വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടറുകൾക്ക് 3 വർഷം മാത്രമാണ് വാറണ്ടി ലഭ്യമാക്കിയിട്ടുള്ളത്.

നിലവിൽ പഞ്ചായത്തിലെ എല്ലാ സീറ്റുകൾക്കും പ്രവർത്തനക്ഷമമായ കമ്പ്യൂട്ടർ ഉള്ളതിനാൽ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ ലേലം ചെയ്ത് കിട്ടുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-10 സർവ്വ ശിക്ഷാ അഭിയാൻ - അധികം നൽകിയ പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കേണ്ടതാണ്

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 8/16 പ്രകാരം നടപ്പാക്കിയ *സർവ്വ ശിക്ഷാ അഭിയാൻ* എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 1/18.1.2016 പ്രകാരം 487364 രൂപ എസ്.എസ്.എ.യ്ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെ 745082 രൂപ വിനിയോഗിച്ചിട്ടുണ്ട്. ടി തുകയുടെ 35% തുകയായ 260779 രൂപ മാത്രമേ പഞ്ചായത്ത് വിഹിതമായി നൽകേണ്ടതുള്ളൂ. എന്നാൽ 226585 രൂപ കൂടുതലായി എസ്.എസ്.എ.യ്ക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കുകയോ തുടർവർഷങ്ങളിലെ വിഹിതത്തിലേയ്ക്ക് ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-11 സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി - തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് - സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (ജനറൽ)

പ്രോജക്ട് നമ്പർ - 64/15-16

നിർവ്വഹണം - വി.ഇ.ഒ (കാട്ടകാംമ്പാൽ സെക്ഷൻ)

ചെലവ് തുക - 9620000/-

മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്,വിലാസം | അക്കൗണ്ട്നമ്പർ/ ബാങ്ക് | കൈപ്പറ്റിയ തുക |
|---|---|---|---|
| | കാർത്ത്യായനി ശ്രീധരൻ,കുനിയത്ത് ഹൗസ് | 80008246611/ ടി.ഡി.സി.ബി,പഴഞ്ഞി | 20000/- |
| | പുഷ്പവതി ഗംഗാധരൻ, തലേക്കര | 8000448842/ ടി.ഡി.സി.ബി,പഴഞ്ഞി | 80000/- |
| | ധന്യജയൻ,മൂർത്താട്ടിൽ | 80008434489/ | 80000/- |

| | | | |
|---|---|---|---|
| | | ടി.ഡി.സി.ബി,പഴഞ്ഞി | |
| | ഇന്ദിരബാബു,ഏഴിക്കോട്ട് | 80009098397/ ടി.ഡി.സി.ബി,പഴഞ്ഞി | 80000/- |
| | സുജസുരേഷ്,ഏഴിക്കോട്ട് | 80009109173/ ടി.ഡി.സി.ബി,പഴഞ്ഞി | 20000/- |
| ആകെ | | | 280000/- |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം വരാനുണ്ടായകാരണം വ്യക്തമാക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിശദാംശം രേഖപ്പെടുത്തേണ്ടതുമാണ്.

## 3-12 ഇ-ടെണ്ടർ വഴി നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

2015-16 സാമ്പത്തിക വർഷം കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് 9 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ആയി നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫീ |
|---|---|---|---|
| 1 | വാർഡ് 1 ലെ അംഗൻവാടി (നമ്പർ 39)(കെട്ടിട നിർമ്മാണം) | 6,00,000 | 1200 |
| 2 | പണിക്കത്ത് സൈഡ് റോഡ് കോൺക്രീറ്റിംഗ് | 7,00,000 | 1400 |
| 3 | ദേവീനഗർ റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | 6,15,000 | 1230 |
| 4 | പള്ളിക്കര റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | 5,35,000 | 1070 |
| 5 | കരിയപ്പാടം-പാലക്കൽ ജോസ് റോഡ് സോളിംഗ്,മെറ്റലിംഗ്, ടാറിംഗ്. | 5,30,000 | 1060 |
| 6 | വാർഡ് 8 ലെ 58ാം നമ്പർ അംഗൻവാടി നിർമ്മാണം | 8,00,000 | 1600 |
| 7 | അംഗൻവാടി നമ്പർ 45 | 8,00,000 | 1600 |

| | | | |
|---|---|---|---|
| | (വാർഡ് 14) കെട്ടിട നിർമ്മാണം | | |
| 8 | IHDP സെന്റ് ഗീവർഗ്ഗീസ് ലിങ്ക് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്. | 6,10,000 | 1220 |
| 9 | പൊന്നാരശ്ശേരി ചന്ദ്രൻ വഴി കോൺക്രീറ്റിംഗ് (കാന നിർമ്മാണം) | 6,90,000 | 1380 |
| ആകെ | | | 11760 |

ടെണ്ടർ ഫീയായി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1 തീയതി 17-11-2016) ലഭിച്ച മറുപടിയിൽ ടെണ്ടർ ഫീ തുക നിലവിൽ LSGD എക്സി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പോകുന്നത് എന്നും 2014-15 വർഷംവരെയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക മാത്രമെ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടുള്ളൂ എന്നും അറിയിക്കുകയുണ്ടായി. 2014-15 വർഷം ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല. 2015-16 ലെ ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വാർഡ് 8 ലെ 59-ാം നമ്പർ അംഗൻവാടി നിർമ്മാണം - നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ : 116/1

അടങ്കൽ : 8,00,000/-

ബിൽ നമ്പർ ; 21/16 തീയതി ; 16-2-2016 - 2,67,379/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി, എഞ്ചിനീയർ.

കൺവീനർ : എം.എം. മുസ്തഫ.

വാർഡ് 8 ലെ 59-ാം നമ്പർ അംഗൻവാടി നിർമ്മാണം എന്ന ഈ പ്രോജക്റ്റ് എം.എം, മുസ്തഫ, മാനംകണ്ടത്ത് ഹൗസ്, കോട്ടോൽ കൺവീനറായ ഗുണഭോക്തൃ സമിതിയുമായി 3-10-2015 ൽ കരാറിലേർപ്പെട്ടിട്ടുള്ളതാണ്. ടി കരാറിൽ പ്രവൃത്തി എത്ര ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണം എന്ന് പറഞ്ഞിട്ടില്ല എങ്കിലും എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 31-8-2016എന്ന് കാണിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ Ist & Part Bill പ്രകാരം ഇതുവരെ നടത്തിയ ആകെ പ്രവൃത്തി മൂല്യം 2,67,379/- രൂപയിൽ നികുതികൾ കുറച്ച് 2,21,975/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. കരാർ പ്രകാരം 31-8-2016 ന്

പൂർത്തീകരിക്കേണ്ട പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ സ്ഥിതിവിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2 തീയതി 17-11-2016) ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രോജക്ട് നിലവിൽ നിശ്ചിത തീയതിക്കകം പൂർത്തിയായിട്ടുള്ളതാണെന്നും, ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ്, വരവ് ചെലവ് കണക്കുകൾ, വൗച്ചറുകൾ, ബില്ലുകൾ, മറ്റു രേഖകൾ എന്നിവ ഇതുവരെയും ഹാജരാക്കാത്തതു കൊണ്ടാണ് പ്രവൃത്തിയുടെ തുക കൈമാറാത്തത് എന്നും അറിയിക്കുകയുണ്ടായി.

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സ്ഥല പരിശോധന നടത്തിയപ്പോൾ, കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുള്ളതായി ബോധ്യപ്പെട്ടു. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബിൽ ആകാത്തതിനാൽ അംഗൻവാടി പ്രവർത്തനം തുടങ്ങിയിട്ടില്ല. ഫൈനൽ ബിൽ സെറ്റിൽ ചെയ്യുന്നതിനും, അംഗൻവാടി പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള സത്വര നടപടികൾ പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 70/16,ട്രാൻസ്ഫോമർ ഇൻസ്റ്റലേഷൻ-ആനക്കുണ്ട് നമ്പ്ര കോൾപടവ് | 21500886 തീ16/3/2016 | 426830 | 426830 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 47/16,ഹൈമാസ്റ്റ് കരിയമ്പ്ര എസ്.സി കോളനി കുടിവെള്ള പദ്ധത് | 21500887 | 290800 | 290800 | 0 |
| " | 48/16,കുന്നത്ത് കടവ് എസ്.സി കോളനി കുടിവെള്ള പദ്ധതി | 21500888/തീ 16/3/2016 | 290800 | 290800 | 0 |
| " | 50/16നായാടി കോളനി കുടിവെള്ള പദ്ധതി (എസ്.സി.പി) | 21500889/തീ 16/3/2016 | 420000 | 420000 | 0 |
| " | 49/16,വെളിയത്ത് റോഡ് കുടിവെള്ള പദ്ധതി | 21500891/തീ 16/3/2016 | 360000 | 360000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10560000/-രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 10560000/-രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | സ.ഉ.( )നം 175/ഡിബി1 | 10560000 | 10560000 | 1000000 | 65192 | 9627124 |

| | | | | | | |
|---|---|---|---|---|---|---|
| | /15/തസ്വഭവ തീ. | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 938/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 41(1) | 381 | സുനിത ആനിമാത്യു,കൃഷി ഓഫീസർ | 11502103114/ 28.1.16 |
| 1999-2000 | 41(2) | 557 | സുനിത ആനിമാത്യു,കൃഷി ഓഫീസർ | 11502103113/ 28.1.16 |
| ആകെ | | 938 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28521533 |
| ഓഡിറ്റ് വർഷത്തെ | 43553703 |

| | |
|---|---|
| ആകെ ചെലവ് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 106960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2651998 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 100000 | ആഷിക്ക്.എൻ.എ., മെഡിക്കൽ ഓഫീസർ, സി.എച്ച്,സി. പഴഞ്ഞി |
| 3-2 | | 6960 | -ടി- |
| ആകെ | | 106960 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 184640 | ഡോ.ആഷിക്ക്.എൻ.എ., മെഡിക്കൽ ഓഫീസർ, സി.എച്ച്,സി. പഴഞ്ഞി |
| 3-3 | 42250 | -ടി- |
| 3-4 | 400000 | ഹരികുമാർ.എൻ, സെക്രട്ടറി |
| 3-6 | 115000 | -ടി- |
| 3-6 | 1077630 | ബൈജു.എ.ജെ., സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-7 | 34500 | ഹരികുമാർ.എൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 797978 | മുഹമ്മദ് അമീൻ, ഹെഡ്മാസ്റ്റർ |
| ആകെ | 2651998 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആഷിക്ക്.എൻ.എ., മെഡിക്കൽ ഓഫീസർ, സി.എച്ച്,സി. പഴഞ്ഞി | ഡോ.ആഷിക്ക്.എൻ.എ., മെഡിക്കൽ ഓഫീസർ, സി.എച്ച്,സി. പഴഞ്ഞി | നമ്പിമൂഴിലാവ് വീട്, കൈപ്പമംഗലം പി.ഒ., തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 |

| | |
|---|---|
| | തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02( പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |

| | |
|---|---|
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 –1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി9)2051/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 07.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P9)2051/2016

Kerala State Audit Department.
District Audit Office,
Thrissur – 680020
Ph: 0487 2331249
email: dotsr.ksad@keralagov.in

Dated: 07.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kattakampal Grama Panchayat in Thrissur District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Kattakampal Grama Panchayat for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,
District Audit Office
Thrissur